## 2014-15 ഓഡിറ്റ് റിപ്പോർട്ട്
## Notes on Accounts പരാമർശങ്ങൾക്കുള്ള മറുപടി

ഖണ്ഡിക.1 മുതല്ഖണ്ഡിക.5–Facts and Figures

ഖണ്ഡിക.6 തുക സംബന്ധിച്ച് വ്യക്തമായ രേഖകൾ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത തുക എഴുതിത്തള്ളി ക്രമീകരിക്കാവുന്നതാണ്.

ഖണ്ഡിക.7 ഇതുമായിബന്ധപ്പെട്ട് ശ്രീ അരുൺകുമാറിന് ഐ.കെ.എം കത്ത് നൽകിയിരുന്നു. തന്റെ 2011 ആഗസ്റ്റ് മാസത്തെ തടഞ്ഞു വച്ചിട്ടുള്ള വേതനത്തിൽ നിന്നും ടി.തുക (Rs.750/-)ഈടാക്കുന്നതിന് സമ്മതമാണെന്ന് ടിയാൻ ഐ.കെ.എമ്മിനെ അറിയിച്ചിട്ടുണ്ട്. ശ്രീ.അരുൺകുമാർ.വിക്കെതിരെ കേരളാ ഹൈക്കോടതിയിൽ WP (C) 10549/2012 നമ്പരായി ഉണ്ടായിരുന്ന കേസ് 21.10.2015 ൽ വിധിയായിട്ടുള്ള സാഹചര്യത്തിൽ ടി.തുക ഈടാക്കിക്കൊണ്ട് തടഞ്ഞു വെച്ചിട്ടുള്ള വേതനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഖണ്ഡിക.8 ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള 4 പേരും ഐ.കെ.മ്മിൽ നിന്നും പിരിഞ്ഞു പോയിട്ടുള്ളവരാണ്. തുക അടയ്ക്കാനുണ്ടെന്ന് കാണിച്ച് കൊണ്ട് ടി. നാലുപേർക്കും ഐ.കെ.എം കത്ത് നൽകിയിട്ടുണ്ട്. എന്നാൽ മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ഇവർക്ക് വീണ്ടും കത്ത് അയയ്ക്കാവുന്നതാണ്.

ഖണ്ഡിക.9 ഐ.കെ.എമ്മിൽ കരാർ ജീവനക്കാരനായിരുന്ന ശ്രീ.അയൂബ്.എം.എച്ച് ഐ.കെ.എമ്മിൽ നിന്നും പിരിഞ്ഞു പോയിട്ടുള്ളതാണ്. നടപ്പ് സാമ്പത്തിക വർഷത്തെ അക്കൌണ്ടിൽ ടി.തുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഖണ്ഡിക.10 2012-13 സാമ്പത്തിക വർഷം വരെയുള്ള ജീവനക്കാരുടെ തൊഴിൽക്കരം ഐ.കെ.എം ഹെഡ്ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം നഗരസഭയിലാണ് ഒടുക്കിവന്നിരുന്നത്. ഐ.കെ.എം ഗ്രൂപ്പ് ഡയറക്ടറുടെ നിർദ്ദേശപ്രകാരം 2013-14 ഒന്നാം അർദ്ധവാർഷിക തൊഴിൽക്കരം, ജീവനക്കാർ ജോലി ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ അധികാര പരിധിയിലുള്ള സ്ഥാപനത്തിലാണ് ഒടുക്കിയത്. എന്നാൽ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പിഴ പലിശ ആവശ്യപ്പെട്ടുകൊണ്ടും മറ്റു കാരണങ്ങൾ കാണിച്ചുകൊണ്ടും ചെക്കുകൾ തിരികെ ഐ.കെ.എമ്മിലേക്ക് മടക്കി അയയ്ക്കുകയുണ്ടായി. അതിൻറെ അടിസ്ഥാനത്തിൽ പ്രസ്തുത തുകകൾ മേലധികാരികളുടെ നിർദ്ദേശപ്രകാരം ഐ.കെ.എമ്മിൻറെ അക്കൌണ്ടിൽ വരവ് വയ്ക്കുകയാണുണ്ടായത്.

ഖണ്ഡിക.11 2013-14 ലെ ഒന്നാം അർദ്ധവാർഷിക തൊഴിൽക്കരം ഒടുക്കുന്നതിന് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പ്രത്യേകം ചെക്കുകളും, കവറിംഗ് ലെറ്ററുകളും, ജീവനക്കാരുടെ പട്ടികയും തയ്യാറാക്കേണ്ടി വന്നത് കാരണം തൊഴിൽക്കരം ഒടുക്കുന്നതിൽ കാലതാമസം നേരിട്ടതിനാൽ രണ്ടാം അർദ്ധവാർഷിക തൊഴിൽക്കരം മേലധികാരികളുടെ അനുമതിയോടുകൂടി ജില്ലാ കോ-ഓർഡിനേറ്റർമാർക്കും. D.T.Oമാർക്കും അതാത് ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒടുക്കുന്നതിലേക്കായി ജീവനക്കാരുടെ പട്ടിക കൈമാറുകയും, ഓരോ ജില്ലകളിലുംഒടുക്കേണ്ട ആകെ തുക ഇവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയുമാണ് ചെയ്തത്. ഇവർ ടി. തുകകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒടുക്കിയതിൻറെ രസീതികൾ ഐ.കെ.എമ്മിലേക്ക് അയച്ചുതന്നിട്ടുണ്ട്.

ഖണ്ഡിക.12 ശ്രീമതി.തുഷാര ബിന്ദുവിൻറെ 2012ജൂൺ മാസത്തിലെ ഇ.പി.എഫ് വിഹിതം കെ.എൽ.ജി.എസ്.ഡി.പി അക്കൌണ്ടിൽ നിലവിലുണ്ട്. ടി.യാൾ വിട്ടുതൽ ചെയ്ത് പോയിട്ടുള്ള സാഹചര്യത്തിൽ തുക ഇ.പി.എഫ് - ൽ അടയ്ക്കുന്നത് പ്രായോഗികമല്ല. ആയതിനാൽ ടി. തുക (Rs.780/-) തുഷാര ബിന്ദു വിന് തിരികെ നൽകുമ്പോൾ തൊഴിൽക്കരയിനത്തിൽ ലഭിക്കാനുള്ള തുക (Rs.450/-) കുറവ് ചെയ്യാവുന്നതാണ്.

ഖണ്ഡിക.13 തുക സംബന്ധിച്ച് വ്യക്തമായ രേഖകൾ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത തുക എഴുതിത്തള്ളി ക്രമീകരിക്കാവുന്നതാണ്.

ഖണ്ഡിക.14(a)ശ്രീ.രാജേഷ്‌വി, ഐ.കെ.എമ്മിൽ നിന്നും പിരിഞ്ഞു പോയ സാഹചര്യത്തിൽ പ്രസ്തുത തുക ടിയാന് മടക്കി നല്കുകയോ ഐ കെ എം അക്കൌണ്ടിൽ വരവു വയ്ക്കുകയോ ചെയ്യാവുന്നതാണ്.

(b) ശ്രീ ജസ്റ്റിൻ ലാലിന്റെ 2012 സെപ്റ്റംബർ മാസത്തെ ഇ പി എഫ് വിഹിതം അടച്ചിട്ടുണ്ട്.

(d) മുതൽ (m) വരെയുള്ള ജീവനക്കാർ (കെ എൽ ജി എസ് ഡി പി) ഇ പി എഫ് തുടങ്ങുന്നതിനുള്ള അപേക്ഷ പൂരിപ്പിച്ച് നല്കാത്തതിനാലും , പിരിഞ്ഞു പോയതിനാലും പ്രസ്തുത തുക ജീവനക്കാർക്ക് മടക്കി നല്കുകയോ കെ.എൽ.ജി.എസ്.ഡി.പി. അക്കൌണ്ടിൽ വരവുവയ്ക്കുവാനോ ചെയ്യാവുന്നതാണ്.

ഖണ്ഡിക.15 ഐ.കെ.എമ്മിൽ ആദ്യമായി ഇ.സി.ആർ സംവിധാനം നടപ്പാക്കിയപ്പോൾ വന്ന പാളിച്ചമൂലമാണ് തുക കൂടുതലായി അടയ്ക്കേണ്ടിവന്നത് . 2012 മാർച്ച് മാസത്തെ വിഹിതം അടയ്ക്കുന്നതിന് പകരം ഏപ്രില് മാസത്തെ വിഹിതമാണ് അടച്ചത് .ആയത് ക്രമീകരിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾക്കായി ഇ.പി.എഫിൽ കത്തയച്ചിട്ടുണ്ട്.

ഖണ്ഡിക.16 സപ്ളിമെന്ററിയായി വിതരണം ചെയ്ത വേതനത്തിൽ നിന്നും കുറവു ചെയ്ത വിഹിതമാണ് . ആയതിൽ ശ്രീ അയൂബ് എം എച്ച് എന്ന ജീവനക്കാരന്റെ 2014 ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിലെ വിഹിതം അടച്ചിട്ടുണ്ട് . ബാക്കിയുള്ളവ ഇ.പി.എഫ് മായി ബന്ധപ്പെട്ട് അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്.നിലവിൽ വിവരങ്ങൾ നേരിട്ട് പരിശോധിച്ചാണ് അടയ്ക്കുന്നത്. അതിൽ തന്നെയും സപ്ളിമെൻററിയായി നൽകുന്ന വേതനത്തിൻറെ വിവരങ്ങൾ വൈകിയാണ് ലഭിക്കുന്നത്.ഇ.പി.എഫിൽ അടയ്ക്കുവാൻ കാലതാമസം നേരിടുന്നത് സ്ഥാപനയിൽ നിന്നുള്ള വിവരങ്ങൾ കൃത്യ സമയത്ത് സെക്ഷനിൽ കിട്ടാത്തത് മൂലമാണ്.

ഖണ്ഡിക.17 ഈവിഷയം സംബന്ധിച്ച കേസ് ഇപ്പോഴും അപ്പലേറ്റ് ഫോറത്തിനു മുൻപാകെ പരിഗണനയിലാണ്. അതിൽ അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

ഖണ്ഡിക.18 ഇത് സംബന്ധിച്ച് വ്യക്തമായ രേഖകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത തുക എഴുതിത്തള്ളി ക്രമീകരിക്കാവുന്നതാണ്.

ഖണ്ഡിക.19 ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള മൂന്നുപേർക്കും 2012 നവംബർ മാസത്തെ വേതനം സപ്ലിമെൻററിയായിട്ടാണ് നൽകിയത്. ആയതിനാൽ മെയിൻ ലിസ്റ്റിൽ ഉൾപ്പെടാതെ പോയതിനാലാണ് തുക ഒടുക്കാൻ കഴിയാതിരുന്നത്. ഇവർ മൂന്നുപേരും ഐ.കെ.എമ്മിൽ നിന്നും പിരിഞ്ഞു പോയിട്ടുള്ളവരായതിനാലും സാമ്പത്തിക വർഷം കഴിഞ്ഞ സാഹചര്യത്തിലും പ്രസ്തുത തുകകൾ ഒടുക്കുന്നത് പ്രായോഗികമല്ല. ടി. തുക ഐ.കെ.എം അക്കൌണ്ടിൽ ക്രമീകരിക്കാവുന്നതാണ്.

ഖണ്ഡിക.20 1,843/- രൂപാ 2015-16സാമ്പത്തിക വർഷത്തിൽ ഒടുക്കിയിട്ടുണ്ട്.

ഖണ്ഡിക.21 ഐ.കെ.എം താൽകാലികമായിട്ടാണ് വാഹനം അഷ്മിതാ ട്രാവൽസിൽ നിന്നും വാടകയ്ക്ക് എടുത്തത്. ഇക്കാരണത്താലാണ് T.D.Sപിടിക്കാത്തത്.

ഖണ്ഡിക.22 യഥാസമയം ചെക്ക് ബാങ്കിൽ സമർപ്പിക്കാത്ത കാരണത്താലാണ് 7,715/- രൂപാ ഐ.കെ.എം അക്കൌണ്ടിൽ ക്രമീകരിച്ചിട്ടുള്ളത്.

ഖണ്ഡിക.23 ഇതുമായിബന്ധപ്പെട്ട്ടി.യാന് ഐ.കെ.എം കത്ത് നൽകിയിരുന്നു. തൻറെ 2011 ആഗസ്റ്റ് മാസത്തെ തടഞ്ഞു വച്ചിട്ടുള്ള വേതനത്തിൽ നിന്നും ടി. തുക (Rs.5,000/-)ഈടാക്കുന്നതിന് സമ്മതമാണെന്ന് ശ്രീ.അരുൺകുമാർ.വി ഐ.കെ.എമ്മിനെ അറിയിച്ചിട്ടുണ്ട്. ശ്രീ.അരുൺകുമാർ.വി ക്കെതിരെ കേരളാ ഹൈക്കോടതിയിൽ WP (C) 10549/2012 നമ്പരായി ഉണ്ടായിരുന്ന കേസ് 21.10.2015 ൽ വിധിയായിട്ടുള്ള സാഹചര്യത്തിൽ ടി.തുക ഈടാക്കിക്കൊണ്ട് തടഞ്ഞു വെച്ചിട്ടുള്ള വേതനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഖണ്ഡിക.24 തുക സംബന്ധിച്ച് വ്യക്തമായ രേഖകൾ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത തുക എഴുതിത്തള്ളി ക്രമീകരിക്കാവുന്നതാണ്.

ഖണ്ഡിക.25 ലോൺസ് ആൻറ് അഡ്വാൻസസ് എന്ന ശീർഷകത്തിൽ കാണിച്ചിട്ടുള്ള 17,53,347/- രൂപ2015-16 സാമ്പത്തിക വർഷത്തെ അക്കൌണ്ട്സിൽ റിക്കവറീസ് ആൻറ് ഡിഡക്ഷൻസ് എന്ന ശീർഷകത്തിലേയ്ക്ക് മാറ്റി ക്രമീകരിച്ചിട്ടുണ്ട്.

ഖണ്ഡിക.26 ജീവനക്കാർ ഐ.കെ.എമ്മിൽ നിന്നും പിരിഞ്ഞുപോയിട്ടുള്ള സാഹചര്യത്തിൽ തുക തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ടവർക്ക് നോട്ടീസ് അയയ്ക്കാവുന്നതാണ്.

ഖണ്ഡിക.27 ഷെറിൻ.കെ.കെ യ്ക്ക് നൽകേണ്ട 2,667/-രൂപയ്ക്ക് പകരം ടി.യാൾ 2,667/- രൂപാ ഐ.കെ.എമ്മിൽ ഒടുക്കിയതിനാലാണ് 5,334/-രൂപയുടെ ക്രെഡിറ്റ് ബാലൻസ് ഉണ്ടായിട്ടുള്ളത്. ഈ സാഹചര്യത്തിൽ 5,334/-രൂപാ ഷെറിൻ.കെ.കെ യ്ക്ക് തിരികെ നൽകാവുന്നതാണ്.

ഖണ്ഡിക.28 ഈ വിഷയത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കേണ്ടതെന്ന് ഐ.കെ.എം എക്സിക്യൂട്ടീവ് കമ്മറ്റിയിൽ തീരുമാനിക്കാവുന്നതാണ്.

ഖണ്ഡിക.29 ഐ.കെ.എമ്മിൽ നിന്നും അഡ്വാൻസ് എടുക്കുകയും എന്നാൽ യഥാസമയം സെറ്റിൽമെൻറ്കൾ സമർപ്പിക്കാതിരിക്കുകയും ചെയ്യതിനാൽ നിരവധി തവണ ഇവർക്ക് കത്തുകൾ നൽകിയിട്ടുണ്ട്. എന്നാൽ മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ടി. തുക എഴുതിത്തള്ളി ക്രമീകരിക്കുവാൻ തീരുമാനം എടുക്കാവുന്നതാണ്.

ഖണ്ഡിക.30 ബന്ധപ്പെട്ട കക്ഷി യഥാസമയം ചെക്ക് ബാങ്കിൽ സമർപ്പിക്കാത്ത കാരണത്താലാണ് 28,455/-രൂപാ ഐ.കെ.എം അക്കൌണ്ടിൽ ക്രമീകരിച്ചിട്ടുള്ളത്.

ഖണ്ഡിക.31 ഐ.കെ.എം എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഖണ്ഡിക.32 ഷെഡ്യൂൾ 8ൽ സൂചിപ്പിച്ചിട്ടുള്ളതും ഐ.കെ.എമ്മിൽ നിലവിൽ ജോലി നോക്കുന്നവരുമായ ജീവനക്കാർ എടുത്ത അഡ്വാൻസ് തുകകൾ 2015-16

സാമ്പത്തിക വർഷത്തിൽ ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ സെറ്റിൽമെൻറ് ചെയ്തിട്ടില്ലാത്തവർക്ക് തുക തിരിച്ചടയ്ക്കണമെന്ന് കാണിച്ചുകൊണ്ട് കത്ത് അയയ്ക്കാവുന്നതാണ്.

<u>ഖണ്ഡിക.33</u> ഇത് സംബന്ധിച്ച് വിശദ വിവരം ലഭിക്കുന്നതിനു വേണ്ടി രേഖകൾ പരിശോധിച്ച് വരികയാണ്.

<u>ഖണ്ഡിക.34</u> 2013-14 സാമ്പത്തിക വർഷം ചെലവുകൾക്കായുള്ള പ്രൊവിഷണൽ എൻട്രി ഇട്ടുവെങ്കിലും ചെലവുകൾ വന്നിട്ടില്ല.

<u>ഖണ്ഡിക.35</u> 2013 - 14 വർഷങ്ങളിലെ ഇ പി എഫ് വിഹിതം അടച്ചിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അക്കൌണ്ട്സിലെ രേഖകളിൽ ലഭ്യമാണ്.

<u>ഖണ്ഡിക.36</u> തുക ക്രമീകരിച്ചിട്ടുണ്ട്.

<u>ഖണ്ഡിക.37</u> ഉപയോഗ ശൂന്യമായ സാധനങ്ങൾ ഐ.കെ.എം വിറ്റ വകയിൽ ബാലാജി വേസ്റ്റ്പേപ്പർ സ്റ്റോർ ഉടമയിൽ നിന്ന് വിൽപന നികുതി ഉൾപ്പെടെയാണ് തുക ഈടാക്കിയിട്ടുള്ളത്. പ്രസ്തുത തുകയായ 63,237/- രൂപാ വിൽപന നികുതി വകുപ്പിൽ ഒടുക്കിയിട്ടുണ്ട്.

<u>ഖണ്ഡിക.38</u> പ്രസ്തുത ജീവനക്കാരുടെ 2015 മാർച്ച് മാസത്തെ വേതനത്തിൽ നിന്നും തൊഴിൽക്കരം ഈടാക്കിയിട്ടുണ്ട്.

AJIKUMAR K.J.
Team Leader (Accounts)
Information Kerala Mission
Thiruvananthapuram - 03